ഉത്തരം

(എ) 1. കോഴിക്കോട് - കുന്നമംഗലം
2. കോഴിക്കോട് - താഴാംപോയിൽ
3. കോഴിക്കോട് - സുൽത്താൻബത്തേരി
4. കോഴിക്കോട് - മാനന്തവാടി
5. കോഴിക്കോട് - മാവൂർ
6. മലപ്പുറം - കോഴിക്കോട് എന്നീ റൂട്ടുകളിൽ ഇപ്പോൾ ചെയിൻ സർവ്വീസുകൾ നടത്തുന്നു.

(ബി) ഇപ്പോൾ ചെയിൻ സർവ്വീസ് മാത്രമേ ഓടിക്കുന്നുള്ളൂ. വാഹനങ്ങളുടെയും, ജീവനക്കാരുടെയും കുറവുമൂലം കൂടുതൽ സർവ്വീസുകൾ നടത്തുവാൻ കഴിയാറില്ല.

105 (1554) റിസർവ്വ് കണ്ടക്ടർമാരുടെ ലൈറ്റ് ഡ്യൂട്ടി

ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.യിലെ റിസർവ്വ് കണ്ടക്ടർമാരായിട്ടുള്ള എത്രപേർക്ക് ലൈറ്റ്ഡ്യൂട്ടിയിലേക്ക് മാറ്റം അനുവദിച്ചിട്ടുണ്ട്;

(ബി) ഏതൊക്കെ ഡിപ്പോയിലെ എത്രപേർക്കാണ് ഇപ്രകാരം മാറ്റം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ലൈറ്റ് ഡ്യൂട്ടിയിലേക്ക് മാറ്റം നൽകിയവരുടെ പേരും ജോലിയിൽ ചേർന്ന ദിവസവും വർഷവും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ലൈറ്റ് ഡ്യൂട്ടിയിലേക്ക് മാറ്റം അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ? എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റിസർവ് കണ്ടക്ടർമാരായിട്ടുള്ള ആർക്കും ലൈറ്റ്ഡ്യൂട്ടി അനുവദിച്ചു കൊടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) റിസർവ് കണ്ടക്ടർമാരായിട്ടുള്ള ആർക്കും തന്നെ ലൈറ്റ് ഡ്യൂട്ടി അനുവദിച്ചു കൊടുത്തില്ല. ആകയാൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്. ലൈറ്റ് ഡ്യൂട്ടിക്കു വേണ്ടി ഹാജരാക്കുന്ന അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റും യൂണിറ്റാഫീസറുടെ ശുപാർശയും പരിശോധിച്ച് അർഹമായവർക്ക് മുന്നു മാസത്തേയ്ക്ക് താല്ക്കാലികമായി ലൈറ്റ് ഡ്യൂട്ടി അനുവദിക്കുകയെന്നതാണ് നിലവിലുള്ള മാനദണ്ഡം.

106 (1555) കെ.എസ്.ആർ.ടി.സി. സർവ്വീസ്

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം - സിറ്റിയിൽ സർവ്വീസ് നടത്തുന്ന ഓരോ സിറ്റി ഫാസ്റ്റിനും ഓർഡിനറി ബസിനും ഇപ്പോൾ ഒരു ദിവസത്തെ ശരാശരി വരുമാനം എത്ര രൂപയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) മലബാർ മേഖലയിൽ മലപ്പുറം ഡിപ്പോയിലെ ഓർഡിനറി ബസിന്റെ ശരാശരി വരുമാനം ദിവസേന എത്ര രൂപയാണ്;

(സി) തിരുവനന്തപുരം തമ്പാനൂർ ഡിപ്പോയിലെ ഓർഡിനറി ബസിന്റെ ശരാശരി വരുമാനം എത്ര രൂപയാണ്;

(ഡി) സിറ്റി സർവ്വീസിന് വരുമാനം കുറയുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) മലബാർ മേഖലയിലേക്ക് കൂടുതൽ ബസുകൾ ഓടിക്കുവാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) സിറ്റിയിലെ ഓർഡിനറി സർവ്വീസിന്റെ ശരാശരി വരുമാനം 2327 രൂപയും സിറ്റി ഫാസ്റ്റിന്റേത് 2534 രൂപയുമാണ്.

(ബി) 2992 രൂപ

(സി) തിരു: സെൻട്രൽ ഡിപ്പോയിൽ ഇപ്പോൾ ഓർഡിനറി സർവ്വീസുകൾ ഇല്ല.

(ഡി) 1. ടിക്കറ്റു നിരക്കു കുറവ്

2. ഓടുന്ന ദൂരം കുറവ്

3. ഒരു ദിശയിലേക്കും ഒരുപോലെ യാത്രാബാഹുല്യമില്ല.

(ഇ) മലബാർ മേഖലയിലെ ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ലേശം ലഘൂകരിക്കുന്നതിനായി വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടികളെടുക്കുന്നതാണ്.

107 (1556) മലയോര പ്രദേശങ്ങളിലേയ്ക്ക് ബസ് സർവ്വീസ്

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കൻ മലയോര പ്രദേശങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസുകൾ ഓടിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടത്തേയ്ക്ക് ബസുകളോടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശസാൽകൃത മേഖലയ്ക്ക് മുൻഗണന നൽകിയാണ് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്നത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly